# മലയാളിപ്പെണ്ണുങ്ങളുടെ ഉടയാടഭ്രമം

ഭാരതജനസംഖ്യയിൽ 3 ശതമാനത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള കേരളത്തിലാണ് ഭാരതത്തിൽ വിറ്റഴിയുന്ന വസ്ത്രങ്ങളിൽ 22 ശതമാനവും വിൽക്കപ്പെടുന്നത്. സാധാരണയായി ഒരു പുരുഷന്റെ ഒരു ജോടി വസ്ത്രത്തിന് രണ്ടര മീറ്ററിൽ കൂടുതൽ തുണി വേണ്ടിവരുന്നില്ല. സ്ത്രീക്ക് ഏഴര മീറ്ററെങ്കിലും വേണ്ടിവരുന്നുണ്ട്. പുരുഷന്മാർ പൊതുവേ മൂന്നോ നാലോ വസ്ത്രങ്ങൾകൊണ്ട് തൃപ്തിപ്പെടുന്നവരാണ്.

സ്ത്രീകൾ ഓരോ വർഷവും അഞ്ചാറു സെറ്റ് വസ്ത്രങ്ങളെങ്കിലും വാങ്ങാറുണ്ട്. മൊത്തം പുരുഷന്മാർ ഉപയോഗിക്കുന്നതിന്റെ 5-6 ഇരട്ടി അളവിലുള്ള വസ്ത്രങ്ങൾ ഓരോ സ്ത്രീക്കും വേണ്ടിവരുന്നു എന്നർത്ഥം. വസ്ത്രത്തിന്റെ വിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ 10-12 ഇരട്ടി പണം വസ്ത്രത്തിനായി മാത്രം ചെലവഴിക്കുന്നുണ്ട് എന്നു കാണാൻ കഴിയും.

സ്ത്രീകൾ കേരളത്തിലെ ഉല്പാദനമേഖലയിൽ വഹിക്കുന്ന പങ്ക് എത്ര ശതമാനം വരും? ഉല്പാദനോന്മുഖമല്ലാത്ത ഒരു സമൂഹത്തിന്റെ അമിതമായ ഉപഭോഗഭ്രമം ആ സമൂഹത്തെ അധ:പ്പതിപ്പിക്കുകയില്ലേ? ഈ വസ്ത്രങ്ങൾ കഴുകുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന സമയവും ഊർജ്ജവും പണവും പുരുഷന്മാർ അതിനുവേണ്ടി ചെലവഴിക്കുന്നതിൽ വളരെ ഇരട്ടിവരും എന്നുകൂടി കണക്കിലെടുക്കണം.

ഇത്രയേറെ വസ്ത്രം ഉപയോഗിച്ചിട്ടും ഉത്തരേന്ത്യൻ ടി.വി. ചാനലുകളിലെ സ്ത്രീകൾക്കുള്ള മോടിയോ 'പളപളപ്പൻ' ആകർഷകത്വമോ കേരളീയസ്ത്രീകൾക്കുണ്ടായിട്ടുണ്ടോ?

ഇതെഴുതുന്നത് 'സ്ത്രീവാദ'ത്തോട് ഒത്തിരി അനുഭാവമുള്ള ഒരു പുരുഷനാണ്. ഒരു സുഹൃത്തിന്റെ ചോദ്യങ്ങൾ, മറുപടി പറയാൻ എനിക്കു കഴിയാവുന്നതിനാൽ, പകർത്തി അയക്കുന്നതാണ്. എനിക്ക് ഉത്തരം ലഭ്യമാക്കാനോ, 'കേരളീയം' വായനക്കാർക്ക് ആത്മപരിശോധനക്കോ ഈ കുറിപ്പ് ഉപകരിക്കുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി.

\- ജോസാന്റണി

## ക്ഷേത്രത്തിൽ എല്ലാവരേയും കയറ്റണം

തൃശ്ശൂരിലെ പൂരംപിരിവുകാർക്ക് ഹരിജനങ്ങൾ നൽകുന്നതിനേക്കാൾ കൂടുതൽ സംഭാവന ക്രിസ്ത്യാനികൾ നൽകുന്നുണ്ട്. പക്ഷേ, അവർക്ക് ക്ഷേത്രത്തിൽ പ്രവേശനമില്ല. ഈ കുളത്തിൽ അഹിന്ദുക്കൾ കുളിക്കരുത് എന്ന എഴുതിവെച്ച സ്ഥലങ്ങളുമുണ്ട്. അഹിന്ദുക്കൾ അയിത്തക്കാരാണെങ്കിൽ അവരുടെ പണത്തിനോടും വേണ്ടേ അയിത്തം?




ക്ഷേത്രാചാരം എന്നൊക്കെ പറയുന്നത് ഇല്ലായുക്തിയാണ്. ശബരിമലയിലും മധുരമീനാക്ഷിക്ഷേത്രത്തിലും ഒക്കെ ആർക്കും പ്രവേശനമുണ്ട്. അതും ക്ഷേത്രങ്ങളാണല്ലോ. തിരുപ്പതിയിൽ സോണിയാഗാന്ധി ദർശനം നടത്തിയിട്ടുണ്ട്. അപ്പോൾപിന്നെ ദൈവത്തിനല്ല, ചില ക്ഷേത്രം അധികാരികൾക്കാണ് അയിത്തചിന്ത എന്നു മനസ്സിലാക്കാം.

സമുദായമൈത്രി ഫലപ്രദമാകണമെങ്കിൽ അഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കേണ്ടതുണ്ട്. ക്രിസ്ത്യൻപള്ളികൾ ആർക്കും പ്രവേശനം അനുവദിക്കുന്നതുപോലെ.

ജോർജ്, തൃശ്ശൂർ

## ശിക്ഷിക്കേണ്ടത് പുരുഷനെ

നവംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച "ഇവരെ കല്ലെറിയരുത്, പാപം ചെയ്യാത്തവരും" എന്ന ലേഖനം നന്നായിരുന്നു. പലപ്പോഴും സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ പോലീസും സമൂഹവും ഒരേപോലെ പ്രയത്നിക്കുന്നുണ്ട്. സ്ത്രീകളെ കരിവാരിത്തേക്കാനാണ് ഇത്തരക്കാർ ശ്രമിക്കുന്നത്. ഇവരുടെ എല്ലാ ആവശ്യങ്ങളും നിവർത്തിക്കുന്നതിനുവേണ്ട ഉപഭോഗവസ്തുവായി മാറിയിരിക്കുകയാണ് സ്ത്രീകൾ.

ഒരു സമൂഹത്തിന്റെ ഭരണത്തിന് വേണ്ടി നാം ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. അതേപോലെ ഒരു സമൂഹത്തിന്റെ ലൈംഗിക ആവശ്യത്തിന് വേണ്ടി നാം വേശ്യയെ തെരഞ്ഞെടുക്കുന്നു. വേശ്യ ആ സമൂഹത്തിന്റെ ലൈംഗികവൈകൃതത്തിന്റെ പ്രതിനിധിയാണ്. ഒരു സമൂഹത്തിൽ ഒരു വേശ്യ ഉണ്ടാകുന്നുണ്ടെങ്കിൽ ആ സമൂഹത്തിനാണ് അതിനുത്തരവാദിത്തം. ആ സമൂഹത്തിൽ അടങ്ങാത്ത ലൈംഗികതീക്ഷ്ണതയുള്ളതുകൊണ്ടാണല്ലോ വേശ്യയുടെ അടുത്തേയ്ക്ക് ആളുകൾ പോകുന്നത്. ആളുകൾ ഈ സ്ത്രീയുടെ അടുത്തേയ്ക്ക് പോയില്ലായിരുന്നെങ്കിൽ ആ സ്ത്രീ ഒരു വേശ്യ ആകുമായിരുന്നില്ല. അപ്പോൾ അവളെ വേശ്യ ആക്കിയത് സമൂഹമല്ലേ? വേശ്യകളെ സമൂഹത്തിന്റെ മുമ്പിലൂടെ വിലങ്ങുവെച്ച് കൊണ്ടുപോകുമ്പോൾ സമൂഹം ചിരിക്കുന്നു. വേശ്യ മനസ്സിൽ തേങ്ങുന്നു. എന്നാൽ യഥാർത്ഥത്തിൽ ചെയ്യേണ്ടത് വേശ്യയെ വെറുതെവിട്ട്, ആ വേശ്യയുമായി ലൈംഗികമായി ബന്ധപ്പെട്ടവരെ വിലങ്ങുവെച്ച് കൊണ്ടുപോയി ശിക്ഷിക്കുകയാണ്.

ടോണി വടക്കൻ, അന്നകര പി.ഒ., തൃശ്ശൂർ

## ജൈവകർഷക സമ്മേളനം

ഇവിടെ പെരിഞ്ഞനത്തുവെച്ച് ജൈവകർഷക സമ്മേളനം നടന്നു. മാധ്യമം ദിനപത്രം റിപ്പോർട്ടു നൽകിയിരുന്നു. ഹരിതവിപ്ലവം നടന്ന കാലത്ത് ഉദ്യോഗസ്ഥരുടെ പണി രാസവളം- കീടനാശിനി കമ്പനികളുടെ ഏജന്റാകുക എന്നതായിരുന്നു എന്ന് മന്ത്രി വെളിപ്പെടുത്തിയ കാര്യം റിപ്പോർട്ടിൽ വന്നില്ല. സമ്മേളനം നന്നായി നടന്നു. കർണ്ണാടകയിലെ തീർത്തഹള്ളിയിൽ നടപ്പിലാക്കിവരുന്ന കൃഷിരീതിയെക്കുറിച്ച് ഒരു ലേഖനം ഉടനെ എഴുതി അയക്കാം. എന്റെ വരിസംഖ്യ പുതുക്കി. കുറച്ചു സുഹൃത്തുക്കളെക്കൂടി വരിക്കാരാക്കാം.

പി.കെ. ധർമ്മരാജ്, നിലനിൽപ്പ്
കൊടുങ്ങല്ലൂർ-680664

## പരിയാരം മെഡി. കോളേജിൽ

ഇവിടെ പരിയാരം മെഡി. കോളേജിൽ ഇത്തവണ ആദ്യത്തെ ഫൈനൽ പരീക്ഷയ്ക്ക് ഇരുന്നത് അറുപതോളം കുട്ടികളാണ്. അതിൽ 18 പേർക്ക് ഫസ്റ്റ് ക്ലാസ്സ്. കോഴിക്കോട് നൂറ്റമ്പതോളം കുട്ടികൾ പരീക്ഷയ്ക്കിരുന്നിട്ട് 20□-25 ഫസ്റ്റ്ക്ലാസ്സ്. ഇക്കാര്യത്തിൽ ചില സംശയങ്ങൾ ഇവിടെയുള്ളവർക്ക് തന്നെയുണ്ട്. വിശദമായി ഒന്ന് അന്വേഷിക്കാമോ?

അജി, കണ്ണൂർ